## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3098** — **13/03/2017-ൽ മറുപടിയ്ക്ക്**

## കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | ശ്രീ. വി.എസ്. സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) | |
| എ) | കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ; | എ) | കൃഷി വകുപ്പിനു കീഴിൽ 1972 മുതൽ പ്രവർത്തിച്ചു വരുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ് കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കർഷകർക്കാവശ്യമായ അടിസ്ഥാന വികസന പദ്ധതികളാണ് മുഖ്യമായും നടപ്പിലാക്കിവരുന്നത്.<br><br>കേരളത്തിന്റെ വിവിധ ജില്ലകളിലായി കാർഷിക മേഖലയുടെ ഉന്നമനം ലക്ഷ്യംവച്ച് പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളും കേരളത്തിന്റെ ജലസമ്പത്ത് നിലനിർത്തുന്നതിന്റെ ഭാഗമായി കുളങ്ങളുടെയും തോടുകളുടെയും കനാലുകളുടെയും പുനരുദ്ധാരണ പ്രവൃത്തികളും നബാർഡ് സ്കീമിലും സ്റ്റേറ്റ് പ്ലാൻ സ്കീമിലും ഉൾപ്പെടുത്തി കൃഷി വകുപ്പിന്റെ കീഴിൽ വിവിധ പദ്ധതികൾ കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു.<br><br>ഇതു കൂടാതെ Soil Conservation Department, SC/ST Department, Social Justice Department, ADAK, BRC, LSGD തുടങ്ങിയ വിവിധ വകുപ്പുകൾ ഏല്പിക്കുന്ന പ്രവൃത്തികളും നടപ്പിലാക്കുന്നുണ്ട്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എൽ.ഡി.സി. മുഖേന എത്ര പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്; അനുവദിച്ച തുക എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ? | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡിന്റെ RIDF XXII സ്കീമിൽ ഉൾപ്പെടുത്തി 26 പദ്ധതികൾക്കായി 8561.88 ലക്ഷം രൂപയുടെ ഭരണാനുമതി G.O.(Rt)No.78/2017/AGRI dated 28/01/2017 പ്രകാരവും, അതുർ നിയോജക |

(contd.............2)

മണ്ഡലത്തിലെ ഏഴൂപ്പുന്ന ഗ്രാമപഞ്ചായത്തിലെ ഫാംറോഡ് നിർമ്മാണത്തിനായി G.O.(Rt) No.245/2017/LSGD dated 28/01/2017 പ്രകാരം 39.24 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

<u>അനുവദിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു</u>

| | | | |
|---|---|---|---|
| 1. | കൊല്ലം | 607.64 | ലക്ഷം |
| 2. | ആലപ്പുഴ | 360.34 | ലക്ഷം |
| 3. | കോട്ടയം | 529.65 | ലക്ഷം |
| 4. | എറണാകുളം | 189.89 | ലക്ഷം |
| 5. | തൃശ്ശൂർ | 6739.02 | ലക്ഷം |
| 6. | കോഴിക്കോട് | 104.92 | ലക്ഷം |
| 7. | കണ്ണൂർ | 69.66 | ലക്ഷം |
| | **ആകെ -** | **8601.12** | **ലക്ഷം** |

സെക്ഷൻ ഓഫീസർ